# പള്ളികഥകൾ

## മിനികഥകൾ

## പതിമൂന്ന്

ജോയിക്കുട്ടി,

ജോസഫ് അച്ചൻ ഇപ്രാവശ്യം പറഞ്ഞ കാര്യങ്ങൾ നടക്കുന്ന ഡൽഹിയിൽ അതേ സമയം ഞാനുമുണ്ടായിരുന്നതിനാൽ ഇക്കാര്യങ്ങൾ എല്ലാം എനിക്കും ഏകദേശം നേരിട്ടറിയാവുന്ന കാര്യങ്ങളായിരുന്നു.

അതേ സമയം അവിടുത്തെ വികാരിയുണ്ടായിരുന്നത് ബ. ജോൺ അച്ചനായിരുന്നു. അദ്ദേഹം ഇൻഡ്യയ്ക്കു വെളിയിലായിരുന്നു അതിനു മുമ്പ്. അവിടെ അദ്ദേഹം കുടുംബസമേതമായിരുന്നു. എന്നാൽ ഡൽഹിക്കു വരാൻ നേരം ആദ്ദേഹം ഭാര്യയേും മക്കളേയും മദ്രാസിൽ വിട്ടിട്ടായിരുന്നു വന്നത്. മക്കളുടെ ഇനിയുള്ള വിദ്യാഭ്യാസമെങ്കിലും മുടങ്ങാതെ നടക്കണമെന്ന പ്രതീക്ഷയിലായിരുന്നു അദ്ദേഹം അങ്ങിനെ ചെയ്തതെന്നാണ് ഞങ്ങളുടെ അഭ്യാഹം.

## തൈര്

ദീഘ്കാലം വിദേശത്ത് ജീവിച്ച ഒരാൾക്ക് ഭാര്യയും മറ്റു സഹായികളുമില്ലങ്കിലും സുഖമായി ജീവിക്കാമെന്നതായിരുന്നു പള്ളിക്കാരുടെപ്രതീക്ഷ. എന്നാൽ അവിടെ മിക്കപ്പോഴും കേരളത്തിലെ വിവിധ പള്ളികളിൽ നിന്നും അച്ചന്മാർ വിദേശത്തേക്കു പോകുന്നതിനായി വരുന്നവർ ചുരുക്കം ദിവസങ്ങളിൽ താമസിക്കുക പതിവായിരുന്നു. കൂടാതെ ഇൻഡ്യയുടെ നാനാ ഭാഗങ്ങളിൽ നിന്നും അച്ചന്മാർ പഠിക്കുന്നതിനും റിസേർച്ചു ചെയ്യുന്നതിനുമായി വന്ന് താമസിക്കുകയും പതിവായിരുന്നു. ഈ വരുന്നവർക്കെല്ലാം ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റും വേറൊരാളില്ലാതെ ജീവിക്കുക ദുഷ്ക്കരമായി.

കൂടാതെ ഇടദിവസങ്ങളിൽ ആരാധന നടത്തണമെങ്കിൽ അച്ചനെ സഹായിക്കണമെങ്കിൽ ശമ്പളം കൊടുത്തു നിൽക്കുന്ന ഒരു ശുശ്രൂഷക്കാരനെ ആവശ്യമായിരുന്നു. മിക്കവാറും ദിവസങ്ങളിൽ അവിടെ ആരാധന ഉണ്ടായിരുന്നു.

സാധാരണ ഓത്ത്ഡോക്സ് പള്ളികളിൽ ശമ്പളം കൊടുത്തു നിത്തുന്ന ശുശ്രൂഷക്കാരനെ കപ്പ്യാർ എന്നായിരുന്നു നാട്ടിൽ അറിയപ്പെട്ടിരുന്നത്. ഇതു കേട്ടു വന്നവർ വിദേശത്ത് ശുശ്രൂഷകരെയും കപ്പ്യാർഎന്ന്വിളിക്കുന്നത് അസഹ്യനീയമായതിനാൽ പലരും ആ വൃത്തികളിൽ നിന്ന് പിന്മാറിയ കാര്യം എല്ലാവക്കുമറിവുള്ളതാണ്.

നമ്മുടെ ജോണച്ചന് ഇപ്പോൾ കുശനിക്കാരനായും ശുശ്രൂഷക്കാരനായും ജോലി ചെയ്യുന്നതിന് തക്ക കഴിവും പ്രാപ്തിയും കൂടാതെ ചുരുങ്ങിയ ശമ്പളം വാങ്ങാൻ കഴിവുള്ളതുമായ ഒരാളെ ആവശ്യമായി. ആൾക്കാരെ പലരേയും കിട്ടുമെങ്കിലും അവരെല്ലാം ആവശ്യപ്പെടുന്ന ഭീമമായ തുക ശമ്പളമായി കൊടുക്കാൻ പള്ളിക്കാക്ക് സമ്മതമല്ലായിരുന്നു. അങ്ങിനെ പലരും പലവഴി അന്വേഷിച്ച് അവസാനം നമ്മുടെ നാട്ടിലെ ഒരു കുഗ്രാമത്തിൽ നിന്നും ഏകദേശം അന്പതു വയസു പ്രായമുള്ള ഒരാളെ കണ്ടു കിട്ടി. കുഞ്ഞപ്പൻ, അതായിരുന്നു അദ്ദേഹത്തിന്റെ പേര്. നാട്ടുകാരുടെയെല്ലാം സവ്വ സമ്മതനായിരുന്നു. ഡൽഹിക്കു പോകുന്നെന്നറിഞ്ഞപ്പോൾ നാട്ടുകാരെല്ലാം കൂടെ അദ്ദേഹത്തിന് വൻപിച്ച യാത്രയയപ്പും നൽകി.

നാട്ടുകാർ അദ്ദേഹത്തെ കുഞ്ഞ് എന്നായിരുന്നു വിളിച്ചത്. എന്നാൽ നമ്മുടെ ജോണച്ചൻ അങ്ങിനെയൊന്നും ഒരിക്കലും വിളിച്ചില്ല. കുഞ്ഞപ്പൻ നല്ല ഒരു ശുശ്രൂഷകനായിരുന്നു. എല്ലാ ആരാധനകളുടേയും എല്ലാ കാര്യങ്ങളും ഹൃദിസ്ഥമായിരുന്നു. അത്യാവശ്യം പാചക കാര്യങ്ങളും അറിയാമായിരുന്നു. പോരാത്തതിന് നാട്ടിൽ നിന്നും പോരാൻ നേരം ഭാര്യയും അത്യാവശ്യം ചില പാചകങ്ങളും പഠിപ്പിച്ചിരുന്നു. പിന്നെന്തെങ്കിലും വന്നാൽ അത്യാവശ്യം വന്നാൽ എന്റെ ഭാര്യയും പറഞ്ഞു കൊടുക്കുമായിരുന്നു. ഇങ്ങിനെ തട്ടിയും മുട്ടിയും ഓരോ ദിവസത്തേയും കാര്യങ്ങൾ നടക്കുമായിരുന്നു.

കുഞ്ഞപ്പന് നാട്ടിൽ ഭാര്യയും മൂന്നു പെൺ മക്കളും ഒരു മകനുമുണ്ട്. അവരെയെല്ലാം വേർ പിരിഞ്ഞാണ് ഡൽഹിക്കു പോന്നത്. ഒന്നാമത് ഇൻഡ്യയുടെ തലസ്ഥാനം. കൂടാതെ മാസാമാസം ശമ്പളം കിട്ടുമ്പോൾ അതെല്ലാം കൂടെ വെച്ചാൽ പെൺമക്കൾ പ്രായമായി വരുമ്പോൾ കെട്ടിച്ചയക്കാമല്ലോ. ഈ ജീവിതകാലം ഇത്രയും ഒരു ശമ്പളംകിട്ടുന്ന ജോലിയും ചെയ്തിട്ടില്ല. അല്പം പുരയിടമുള്ളിടത്ത് കഷ്ടപ്പെട്ട് കൃഷി ചെയ്തു കിട്ടുന്നതുകൊണ്ട് ദാരിദ്ര്യമില്ലാതെ കഴിയാമായിരുന്നു. കൃഷി പണിയും കഴിഞ്ഞ് ബാക്കിയുള്ള സമയം മുഴുവനും തൊട്ടടുത്തുള്ള ഇടവക പള്ളിയിൽ പോയി അവിടുത്തെ കാര്യങ്ങൾ ചെയ്യുക ഇതായിരുന്നു പണി. അവിടുത്തെ അച്ചന്റെ ശുപാശയിലാണ് ഈ ജോലി കിട്ടിയതെന്നാണ് നാട്ടിലെ സംസാരം. എന്തായാലും കുഞ്ഞേപ്പൻ സൽസ്വഭാവിയാണെന്നുള്ള കാര്യത്തിന് യാതൊരു സംശയവുമല്ലാ.

അവിടെ വന്നു പോകുന്ന വിരുന്നുകാരായ അച്ചന്മാർ ചില്ലറ കൊടുക്കുന്നത് കുഞ്ഞപ്പനു വലിയ കാര്യമായിരുന്നു. അയാൾ വളരെ വിശ്വസ്തനായിരുന്നു. ഇതെല്ലാമാണെങ്കിലും അയാൾക്ക് ഹിന്ദി ലവലേശം അറിയത്തില്ല. ഇംഗ്ലീഷ് തട്ടീം മുട്ടീം പറഞ്ഞൊപ്പിക്കും. കേരളത്തിൽ നിന്നും ഡൽഹിയിലേക്ക് വന്ന ഒരു കുടുംബ സമേതമാണ് ഇയാൾ ഡൽഹിയിൽ എത്തിച്ചേന്നത്. കുഗ്രാമത്തിന് വെളിയിലെങ്ങും യാത്ര ചെയ്തിട്ടില്ലാത്ത അയാൾക്ക് നീണ്ട ട്രയിൻ യാത്ര വളരെ കൌതുകകരമായിരുന്നു. നിരവധി ചോദ്യങ്ങൾ ചോദിച്ച് ഒരു വിധത്തിലാണ് അയാൾ അവിടെ എത്തിയത്.

നമ്മുടെ ജോണച്ചന് ഒരു ബലഹീനത ഉണ്ടായിരുന്നു; എല്ലാ ദിവസവും ചോറിന്റെ കൂടെ മോര് നിബന്ധമായിരുന്നു. അച്ചൻ ഒരു നേരമേ ചോറുണ്ണത്തുള്ളു. രാത്രിയിൽ ചപ്പാത്തിയാണ് സാധാരണ കഴിക്കാറ്. ചപ്പാത്തിയുടെ കൂടെ സ്വല്പം തൈര് നിബന്ധമാണ്. മോരുണ്ടാക്കണമെങ്കിലും തൈര് വേണം. അവർ താമസിക്കുന്നിടത്ത് തൈരില്ല. എന്നാൽ വളരെ അടുത്തു തന്നെയുള്ള കടയിൽ ചെന്നാൽ തൈരു വാങ്ങാൻ പറ്റും. എന്നാൽ ഈ തൈര് എന്ന വാക്കിന്റെ ഇംഗ്ലീഷ് ഒട്ടും അറിയത്തില്ല. ദിസ് തിംഗ്, ദാറ്റ് തിംഗ് ആൻഡ് എവരിതിംഗ് എന്നെല്ലാം പറഞ്ഞ് കാര്യങ്ങൾ ഒപ്പിക്കുമെങ്കിലും തൈര് എന്ന് പറഞ്ഞൊപ്പിക്കുവാൻ ഒരു മാഗ്ഗവും കണ്ടില്ല. നടന്ന് കടയിൽ ചെന്ന് അവിടെല്ലാം നോക്കിയിട്ടും കാര്യം കണ്ടു കിട്ടിയില്ല. അവസാനം അയാളുടെ മനസ്സിൽ ഒരു ബുദ്ധി പോയി, നാട്ടിൽ എല്ലാ ദിവസവും പഴങ്കഞ്ഞി കഴിച്ചിരുന്നതുകൊണ്ട്, അതുപോലെ ഒരു പ്രക്രിയയിലൂടെയാണല്ലോ ഈ തൈരും ഉണ്ടാകുന്നതെന്നോമ്മയിൽ വെച്ചു കാച്ചി: യൂ നോ ദിസ് മിൽക്ക്, കീപ്പ് റ്റുടെ ആന്റ് റ്റുമാറോ റേക്കിറ്റ്, ദാറ്റ്; ഐ വാൺട് ദാറ്റ്. കടക്കാരന് യാതൊരു വിധത്തിലും മനസ്സിലാക്കാൻ സാധിച്ചില്ല. കുഞ്ഞപ്പൻ യാതൊരു വിധത്തിലും വിട്ടു കൊടുക്കാൻ ഭാവമില്ല. പറഞ്ഞതു തന്നെ പിന്നേയും പറഞ്ഞു കൊണ്ടിരുന്നു. ദീഘ്നേരം രണ്ടു പേരും തക്കിച്ച് കുഴഞ്ഞപ്പോഴാണ് ദൈവാധീനത്തിന് ഞാൻ അതു വഴി പോയത്. കടക്കാരന്റെയും കുഞ്ഞപ്പന്റെയും ആവലാതി കേട്ട് ഞാൻ ചിരിച്ചു തളന്നു. ദഹിയും യോഗേട്ടും വരുത്തിയ വിന.